/165671/2023

LR/186/2021-LR(N1) **Date:22-12-2023**

e-Office CRU ID:- cru.lrctvm@kerala.gov.in

ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ :Dr A KOWSIGAN IAS)

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം, പിൻകോഡ് :-695033
മെയിൽ ഐ ഡി :- lrcommissioner@gmail.com, ഫോൺ നം.

വിഷയം :- റവന്യൂ വകുപ്പ് - ഹയർ സർവ്വേ പരിശീലനം - പരിശീലനം പരിത്യജിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന :-
1. 01-12-2023 ലെ ഇതേ നമ്പർ നടപടിക്രമം.
2. സർവ്വേ ഡയറക്ടറുടെ കാര്യാലയത്തിലെ 02-12-2023 ലെ DSLR/796/281/2023-G1 നമ്പർ കത്ത്.
3. കൊല്ലം ജില്ലാ കളക്ടറുടെ 05-12-2023 ലെ DCKLM/7999/2021-E4 നമ്പർ കത്ത്.
4. വയനാട് ജില്ലാ കളക്ടറുടെ 04-12-2023 ലെ DCWYND/1632/2021-A8 നമ്പർ കത്ത്.
5. കണ്ണൂർ ജില്ലാ കളക്ടറുടെ 07-12-2023 ലെ DCKNR/10/2023-A1 നമ്പർ കത്ത്.
6. കാസർഗോഡ് ജില്ലാ കളക്ടറുടെ 06-12-2023 ലെ DCKSGD/650/2020-എ1 നമ്പർ കത്ത്.

സൂചന (1) പ്രകാരം ഹയർ സർവ്വേ പരിശീലനത്തിനായി നിയോഗിച്ചവരിൽ തിരുവനന്തപുരം കേന്ദ്രത്തിൽ ക്രമ നം. 1 ആയി നിയോഗിച്ച ശ്രീ.ബാബുദാസ്. എം, ക്രമ നം.2 ആയി നിയോഗിച്ച ശ്രീ.അനിൽകുമാർ ആർ.കെ, ക്രമ നം. 3 ആയി നിയോഗിച്ച ശ്രീമതി.ജെസ്സി തോമസ്, ക്രമ നം. 4 ആയി നിയോഗിച്ച ശ്രീമതി.ശ്രീജ. ഒ.കെ എന്നിവർ വ്യക്തിപരമായ കാരണങ്ങളാൽ പരിശീലന പരിപാടിയിൽ നിന്നും ഒഴിവാക്കണമെന്ന് കാണിച്ച സൂചന (2), (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ കേന്ദ്രത്തിൽ നിയോഗിച്ചവരിൽ ക്രമ നം. 6 ആയി നിയോഗിച്ച ശ്രീമതി.ഷേർലി. എസ്, ക്രമ നം.8 ആയി നിയോഗിച്ച ശ്രീ.നൈനേഷ് ജോസഫ്, ക്രമ നം.10 ആയി നിയോഗിച്ച ശ്രീമതി.സിൽവി.വി.എം, ക്രമ നം.15 ആയി നിയോഗിച്ച പ്രസാദ് കെ.ജി എന്നിവർ വ്യക്തിപരമായ കാരണങ്ങളാൽ പരിശീലന പരിപാടിയിൽ നിന്നും ഒഴിവാക്കണമെന്ന് കാണിച്ച സൂചന (4), (5), (6) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ.ബാബുദാസ്. എം, ശ്രീ.അനിൽകുമാർ ആർ.കെ, ശ്രീമതി.ജെസ്സി തോമസ്, ശ്രീമതി.ശ്രീജ. ഒ.കെ, ശ്രീമതി.ഷേർലി. എസ്, ശ്രീ.നൈനേഷ് ജോസഫ്, ശ്രീമതി.സിൽവി.വി.എം, പ്രസാദ് കെ.ജി എന്നിവർക്ക് പരിശീലനം പരിത്യജിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരിശീലനം പരിത്യജിച്ച വിവരം 14-11-2019 ലെ എൽ.ആർ. എൻ1 - 1002/2019 പരിപത്രത്തിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ടിയാളുകളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

Dr A KOWSIGAN IAS, COMMISSIONER _ CLR, O/o Commissioner CLR

/165671/2023

പകർപ്പ് :

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം,
2. സർവ്വെ സൂപ്രണ്ട്, ഐ.എൽ.ഡി.എം, പി.റ്റി.പി. നഗർ, തിരുവനന്തപുരം
3. അസിസ്റ്റൻറ് ഡയറക്ടർ, സെൻട്രൽ സർവ്വെ ആഫീസ്, തിരുവനന്തപുരം,
4. മാനേജർ, സർവ്വെ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പറശ്ശിനിക്കടവ്, കണ്ണൂർ -670563
5. ജില്ലാ കളക്ടർ/ കൊല്ലം/വയനാട്/ കണ്ണൂർ/കാസർഗോഡ്.
6. നോഡൽ ആഫീസർ, സ്റ്റേറ്റ് ഐ.റ്റി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ